# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 172 | 25.03.2013 ൽ മറുപടിക്ക്

## എയർ കേരള

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി. ഇ.എസ്. ബിജിമോൾ:<br>ശ്രീ. സി. ദിവാകരൻ:<br>ശ്രീ. പി. തിലോത്തമൻ:<br>ശ്രീ. ജി.എസ്. ജയലാൽ: | | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | ഗൾഫ് യാത്രക്കാരുടെ ക്ലേശം പരിഹരിക്കുന്നതിനായി സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ എയർ കേരള ആരംഭിക്കുന്നതിനു വേണ്ടിയുള്ള അപേക്ഷയും വ്യക്തമായ പദ്ധതിയും കേന്ദ്ര ഗവൺമെന്റിനു മുൻപാകെ സമർപ്പിച്ചിട്ടുണ്ടോ; | (എ) | ഇല്ല. |
| (ബി) | വിമാന കമ്പനി തുടങ്ങുന്നതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിൽ നിന്നും വ്യക്തമായ എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഈ കമ്പനി നടത്തുന്നതുമായി ബന്ധപ്പെട്ട് സാങ്കേതിക വിദഗ്ദ്ധരുമായി ഏതെങ്കിലും രീതിയിലുള്ള ചർച്ച നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ചർച്ചയുടെ ഫലം എന്തായിരുന്നുവെന്ന് വെളിപ്പെടുത്തുമോ? | (സി) | ഉണ്ട്. എയർ കേരള ഇന്റർനാഷണൽ സെർവീസസ് ലിമിറ്റഡ് കമ്പനിയുടെ ബോർഡിന്റെ തീരുമാനപ്രകാരം പദ്ധതി റിപ്പോർട്ട് തയ്യാറാക്കുവാനായി Ernst & Young എന്ന കൺസൾട്ടന്റിനെ ഏല്പിച്ചിരുന്നു. അവരുടെ അഭിപ്രായപ്രകാരം പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് കേന്ദ്ര സർക്കാരിന്റെ നിവലിലുള്ള നിബന്ധനകളായ അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കമ്പനിക്ക് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പ്രവൃത്തി പരിചയവും 20 വിമാനങ്ങളും വേണമെന്നുള്ളതിന് ഇളവുകൾ ആവശ്യമാണ്. ഈ ഇളവുകൾ നല്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ